പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 250

19.06.2014 ൽ മറുപടിക്ക്

## നെല്ലു സംഭരണവിലയുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. സി. കെ. സദാശിവൻ:<br>ശ്രീ. ബി. ഡി. ദേവസ്സി:<br>ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) മാർച്ച് മാസം മുതൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് സഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസവും കേരളത്തിലെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാകാതിരുന്നതിനാലും ആണ് സബ്സിഡികൾ സമയബന്ധിതമായി ലഭിക്കാൻ വൈകിയതിന് കാരണമായത്. |
| (ബി) കഴിഞ്ഞ ഒന്നും രണ്ടും സീസണുകളിൽ സംഭരിച്ച നെല്ലിന്റെ വില ഇതിനകം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിൽ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്നറിയിക്കുമോ; | (ബി) 2013-14 ഒന്നാം സീസണിൽ സപ്ലൈകോ സംഭരിച്ച 1.36 ലക്ഷം മെ.ടൺ നെല്ലിന്റെ വിലയായ 244.04 കോടി രൂപ യഥാ സമയം തന്നെ കർഷകർക്ക് നൽകിയിട്ടുണ്ട്. ജനുവരിയിൽ ആരംഭിച്ച രണ്ടാം സീസണിൽ ഇതുവരെ സംഭരിച്ച 3.98 ലക്ഷം മെ.ടൺ നെല്ലിന്റെ വിലയിൽ ഇതുവരെ 433.14 കോടി രൂപ കൊടുത്തു കഴിഞ്ഞു. ഏപ്രിൽ മുതൽ സംഭരിച്ച നെല്ലിന്റെ വില ഇനി നൽകേണ്ടതുണ്ട് ഏകദേശം 298. കോടി രൂപ 17.06.2014 വരെ നൽകേണ്ടതുണ്ട്. |
| (സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നെല്ലിന്റെ സംഭരണവില നൽകുന്നത് കുടിശ്ശികയാകാൻ കാരണമായിട്ടുണ്ടോ; | (സി) ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | നെല്ലിന്റെ വില യഥാ സമയം ലഭിക്കാത്തത് കർഷകരുടെ വായ്പ തിരിച്ചടവിനെ പ്രതികൂല മായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | കർഷകരുടെ നെല്ലിന്റെ വില നൽകുന്നതിൽ വരുന്ന കാലതാമസം കർഷകരെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കാതെ യിരിക്കാൻ സപ്ലൈകോ സംസ്ഥാനത്തി നകത്ത് പ്രവർത്തിക്കുന്ന കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ എന്നിവയുമായി ധാരണയിലാകുകയും കർഷകർ നെല്ല് അളക്കുമ്പോൾ സപ്ലൈകോ നൽകുന്ന പി. ആർ.എസ്. ഈ ബാങ്കുകളിലേതെങ്കിലും ഹാജരാക്കിയാൽ 3 ദിവസത്തിനകം അവരുടെ സ്വന്തം അക്കൗണ്ടിലേക്ക് ബാങ്കിൽ നിന്നും തുക മാറ്റപ്പെടുന്നുണ്ട്, കർഷകന് ഉടൻ തന്നെ നെല്ലിന്റെ വില ഒരു രൂപയുടെ അധിക ചിലവ് കൂടാതെ ലഭ്യമാകുന്ന ഒരു പദ്ധതി നിലവിലുണ്ട്. കർഷകരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നു. |
| (ഇ) | സംഭരണവില കുടിശ്ശി ക യായതു കാരണം കർഷ കർക്ക് അടുത്ത വിളവിറ ക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് ഗൗരവ മായികണ്ട് പരിഹാര നടപടി സ്വീകരിക്കുമോ? | | |

Beena

**സെക്ഷൻ ഓഫീസർ**

## വിശദീകരണക്കുറിപ്പ്

2013-14 ഒന്നാം സീസൺ നെല്ല് സംഭരണം 2013 സെപ്തംബറിൽ ആരംഭിച്ചു. ഡിസംബറിൽ അവസാനിച്ചു. ടി സീസണിൽ കി.ഗ്രാമിന് 18/- രൂപ നിരക്കിൽ സപ്ലൈകോ 135581.059 മെ.ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി 244.04 കോടി രൂപ യഥാസമയം കർഷകർക്ക് നൽകുകയും ചെയ്തു.

2014 ജനുവരിയിൽ ആരംഭിച്ച രണ്ടാം സീസണിൽ നാളിതുവരെ 398470.445 മെ.ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി 433.14 കോടി രൂപ ഇതുവരെ നൽകി കഴിഞ്ഞു. ഇനി 318.19 കോടി രൂപ നൽകേണ്ടതുണ്ട്, 03.03.2014 ലെ 09/2014/F&CSD No. ഗവൺമെന്റ് ഉത്തരവ് പ്രകാരം നെല്ല് വില 18 രൂപയിൽ നിന്ന് 19 രൂപയായി വർദ്ധിപ്പിച്ചു. ഇത് പ്രകാരം 03.03.2014 മുതൽ സപ്ലൈകോ കി.ഗ്രാമിന് 19 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചു വരുന്നത്. ഇതു മൂലം സപ്ലൈകോയ്ക്ക് ഏകദേശം 35 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടായി. കൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 180 കോടി രൂപയിൽ 175.75 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 150.75 കോടി രൂപ 2012-13 വർഷത്തെ കുടിശ്ശിക നൽകാനാണ് ഉപയോഗിച്ചത്. ഇതു മൂലം ഏപ്രിൽ മുതൽ സംഭരിച്ച നെല്ലിന് വിലയായി ഏകദേശം **258** കോടി രൂപ നൽകുവാനുണ്ട്.

വരും വർഷങ്ങളിൽ യഥാസമയം തന്നെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ഒരു 350 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ കഴിഞ്ഞ വർഷം മുതൽ ജില്ലാ സഹകരണ ബാങ്ക്, കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി സപ്ലൈകോ ഉണ്ടാക്കിയ ധാരണാ പത്രം പ്രകാരം കർഷകർക്ക് അവരുടെ പി.ആർ.എസ്.ടി. ബാങ്കുകളിൽ നൽകിയാൽ മൂന്നാം ദിവസം തന്നെ നെല്ല് വില ലഭിക്കുന്നതാണ്. എങ്കിലും കർഷകരുടെ പൂർണ്ണ സഹകരണം ഇതിന് ലഭിക്കുകയുണ്ടായില്ല. ടി പദ്ധതി കർഷകർ പ്രയോജനപ്പെടുത്തുകയാണെങ്കിൽ മൂന്ന് ദിവസത്തിനുള്ളിൽ തന്നെ കർഷകർക്ക് നെൽ വില ലഭിക്കുന്നതാണ്.

Beena

സെക്ഷൻ ഓഫീസർ